Mathrubhumi
മാതൃഭൂമി

# മലയാള ചെറുകഥ ഏകദിന ശില്പശാല

**എടാട്ട്** ▸ സാഹിത്യ അക്കാദമിയും പയ്യന്നൂർ കോളേജ് മലയാളവിഭാഗവും ചേർന്ന് 'മലയാള ചെറുകഥ: ചരിത്രം, ആഖ്യാനം, ഭാവുകത്വം' എന്ന വിഷയത്തിൽ ഏകദിന ശില്പശാല നടത്തി. എഴുത്തുകാരൻ കെ.പി. രാമനുണ്ണി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. വി.എം. സന്തോഷ് അധ്യക്ഷനായി. ചെറുകഥാകൃത്ത് അബിൻ ജോസഫ് പ്രഭാഷണം നടത്തി. വകുപ്പ് മേധാവി ഡോ. പി. പ്രജിത, സാഹിത്യ അക്കാദമി മലയാളം ഉപദേശസമിതി അംഗം എൽ.വി. ഹരികുമാർ, പി. സോന എന്നിവർ സംസാരിച്ചു.

സാബു കോട്ടുക്കൽ, അജിതൻ മേനോത്ത്, ജിസ ജോസ്, എൻ.വി. രഞ്ജിത്ത് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സമാപനസമ്മേളനം എഴുത്തുകാരൻ ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് ഉദ്ഘാടനം ചെയ്തു. നിർമലഗിരി കോളേജ് മലയാളവിഭാഗം മേധാവി ദീപമോൾ മാത്യു അധ്യക്ഷയായി. സി.വി. വിനോദ്കുമാർ മുഖ്യപ്രഭാഷണം നടത്തി. വകുപ്പ് മേധാവി ഡോ. പി. പ്രജിത, ഒ. അനില, പി. സോന, ഡോ. എം.വി. പദ്മനാഭൻ, ഡോ. വി. വാസുദേവൻ, അലീന കെ. നോബിൾ, സൂര്യജിത്ത് സത്യൻ എന്നിവർ സംസാരിച്ചു.